പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ഫണ്ട്

103 (1335) ശ്രീ. എളമരം കരീം :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. സെബാസ്റ്റ്യൻപോൾ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായങ്ങളുടെ ഉന്നമനത്തിനും സംരക്ഷണത്തിനുമായി ഈ സർക്കാർ സംസ്ഥാനത്ത് എന്തു തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങളുടെ പുനരുദ്ധാരണ പദ്ധതിക്കുമാത്രമായി 2000 മാർച്ച് 31-നു മുമ്പ് 240 കോടി രൂപ വിനിയോഗിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ രംഗത്ത് ഇതിനകം വിനിയോഗിച്ചിട്ടുള്ള തുകയുടെ കണക്ക് അടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഡി) ഏത് ഏജൻസിവഴിയാണ് സർക്കാർ ഈ ഫണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾക്കു നൽകുന്നതെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിച്ചു നൽകുന്നതിനു പുറമേ മറ്റെന്തൊക്കെ പുനരുദ്ധാരണ മാർഗ്ഗങ്ങൾ നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) പുനരുദ്ധാരണ പദ്ധതി നടപ്പാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 96-97-ൽ 100.17 കോടി രൂപയും 97-98-ൽ 60 കോടി രൂപയും 98-99-ൽ 65 കോടി രൂപയും, 99-2000 ഒക്ടോബർ വരെ 32.61 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുള്ളതും ലാഭബാദ്ധ്യതയുള്ളതുമായ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനം സ്വരൂപിക്കുന്നതിനു വേണ്ടിയാണ് 240 കോടി രൂപ അടിസ്ഥാനമാക്കി കേരളാ വ്യവസായ പുനരുദ്ധാരണ ഫണ്ട് (കെ.ഐ.ആർ.എഫ്) രൂപീകരിച്ചത്. 2000 മാർച്ചിനു മുമ്പ് 240 കോടി രൂപ കൊടുക്കും എന്നു തീരുമാനിച്ചിട്ടില്ല. ഇതിലേയ്ക്കായി സമാഹരിച്ച തുക ധനം ലഭ്യമാക്കുന്നതിനു വേണ്ടി കമ്പനികൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ പി.എസ്.യു.വിന്റെ നവീകരണത്തിനായി രൂപീകരിച്ച സെക്ടറൽ കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് വായ്പകളായി നൽകുന്നതായിരിക്കും.

(സി) അടിയന്തിര സഹായമായി ഏകദേശം 15.49 കോടി രൂപ ടെൽക്, കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ, ആട്ടോകാസ്റ്റ്, കേരളാ ഗാർമെന്റ്സ് എന്നീ കമ്പനികൾക്ക് ഇതിനകം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള വ്യവസായ പുനരുദ്ധാരണ നിധിബോർഡു മുഖേന യാണ് പൊതുമേഖലാ സ്ഥാപനങ്ങൾക്കു ധനസഹായം നൽകുന്നത്. ഇതു സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) പൊതുമേഖലാ സ്ഥാപനങ്ങൾക്കു വായ്പകൾ നൽകുന്നതിനു പുറമേ കടബാദ്ധ്യതകൾ കുറയ്ക്കുന്നതിനായി ഒ.ടി.എസ്. നടപ്പിലാക്കുക, ധനസ്ഥാപനങ്ങൾ നൽകുന്ന വായ്പകൾക്ക് ഗാരന്റി നൽകുക, പൊതുമേ ഖലാ സ്ഥാപനങ്ങളുടെ ബോർഡുകൾ പ്രൊഫഷണലൈസ് ചെയ്യുക, മാനേ ജ്മെന്റിനെ ശക്തിപ്പെടുത്തുക, ജീവനക്കാരെ പുനർവിന്യസിക്കുക തുടങ്ങിയ മാർഗ്ഗങ്ങൾ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിപ്പിക്കാൻ നടപ്പിലാക്കി വരു ന്നുണ്ട്.

(എഫ്) 1999-ലെ വ്യവസായ പുനരുദ്ധാരണ നിധി സ്കീമിൽ ധനസ ഹായം ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം പെർഫോ മൻസ് കോൺട്രാക്ട് സമ്പ്രദായ പ്രകാരം നിരീക്ഷിക്കുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കു വാൻ പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡിനെ (റിയാബ്) ചുമതലപ്പെടുത്തിയിട്ടുണ്ട്.

പൊതുമേഖലാ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

104 (1336) ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. സെബാസ്റ്റ്യൻപോൾ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങളുടെ പുനരുദ്ധാ രണത്തിന് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഈ പദ്ധതികൾക്കായി സർക്കാർ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്;

(സി) ഏതെല്ലാം മേഖലയിലെ വ്യവസായങ്ങൾക്കാണ് ഇപ്പോൾ ഈ പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി നടത്തിപ്പിന് സർക്കാർ പ്രത്യേക സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടു ത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കും, വിപുലീകരണത്തി നുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു വരികയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1130/2010.

LIBRARY ARCHIVES Kerala Legislative Assembly

22	Kerala Chemicals & Proteins Ltd. (Div.)	Ernakulam	7850	150
23	Rado Tyers Ltd. (Exp.)	Ernakulam	765	120
24	BGR Hotels Ltd.	Ernakulam	544	88
25	Coastal Resorts Pvt. Ltd.	Ernakulam	700	60
26	Cheraman Resorts	Kozhikode	520	100
27	Teaktex Processiong Complex (Reviv.)	Palakkad	4030	600
28	South India wire Ropes Ltd. (Rehab)	Ernakulam	970	
29	Palakkad Medical & Research Centre	Palakkad	632	150
30	Western India Plywoods Ltd. (Modernisation)	Kannur	6500	400
31	Rubfila International Ltd. (Exp.)	Palakkad	2040	55
	Total		**111371**	**4706**
32	Data Ware Design Labs	Trivandrum		
33	I.B.S. group	Trivandrum		
34	Tata Consultancy Services	Trivandrum		
35	Tunes India	Trivandrum		

അനുബന്ധം-VI

3-3-2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 103 (1335) യ്ക്കുള്ള മറുപടി കാണുക

GOVERNMENT OF KERALA

No. 3192/J3/2000/ID INDUSTRIES (J)DEPARTMENT

Dt. 26.2.2000

CIRCULAR

Sub:- KIRF Board-Modus Operandi for assistance from the Fund – Instructions issued.

Ref:- 1. G.O. (P) 47/99/ID dated, 29.3.1999
2. Lr. dated 1.2.2000 from the Secretary, RIAB

As per clause 6 of the Kerala Industrial Revitalisation Fund Scheme issued in the G.O. Cited, application for availing financial assistance from the Fund shall be submitted to Secretary, Industries Department and this will be referred to RIAB for detailed scrutiny, appraisal and for placing before the

LIBRARY ARCHIVES Kerala Legislative Assembly

Governing Board of KIRFB. The following procedure may be followed in processing and sanction of long term as well as short term loans from the KIRF:-

1. The draft reports prepared by the different Sectoral Committees after presentation before the Minister for Industries should be submitted to the Industries Department for approval.

2. A copy each of the approved report should be sent to the Convenor of the Sectoral Committee concerned and secretary, RIAB and its copies should be retained in the concerned section, which deals with the matters of the company concerned.

3. The loan applications in the prescribed format from the companies for loans exceeding six months (long term loans) should be sent to the Secretary to Government, Industries Department as per the provisions of the KIRF Scheme, ie. as per clause 18(1) to (6) of the Scheme).

4. Any applications for long term loans which is not in line with recommendation/broad guide lines laid down in the Sectoral Committee reports will not be recommended to the K.I.R. Fund Board.

5. The files containing the applications for long term loans which are in line with the recommendations/broad guide lines of the Sectoral Committees, after consideration by the Industrial Department should be forwarded to the Secretary, RIAB for apprisal and for placement before the KIRF Board.

6. For the application from Public Sector Undertakings for short term loans (ie., loan assistance for periods not exceeding six months including bridge loan for working capital) the Sectoral Committee recommendations/ guidelines need not be taken into account. The files on these applications, after consideration by the Industries Department may be sent to the Secretary, RIAB for further action.

7. The order sanctioning loans from the KIRF will be issued by the Fund Manager KIRF (Secretary, RIAB). The Industries Department should be kept informed of the decision taken on the application and the connected Government file along with a copy of the proposal placed before the KIRF, sanction letter and a copy of the loan agreement will be sent back by the RIAB to the Industries Department for record.

K. MOHANDAS
Principal Secretary

To

All Sections of Industries Department
The Secretary, RIAB,TC 5/2384 (PNRA-C3), Kowdiar,
Thiruvananthapuram
The Fund Manager, KIRF Board, TC 5/2384 (PNRA C3), Kowdiar
Thiruvananthapuram

LIBRARY ARCHIVES Kerala Legislative Assembly